# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P24/480/22 dt.11-02-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/05/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനനന്തപുരം (ഉപരിപത്ര സഹിതം)
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
അസി.ഡവലപ്മെന്റ് കമ്മീഷണർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,പാലക്കാട്
കാര്യാലയ പകർപ്പ്

നമ്പർ: No.KSA PKD-P24/480/22 dt.11-02-2022 തീയ്യതി: 18/05/2022

## പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 18-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 18-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
കെ.പി.മുഹമ്മദ് ഫാറൂക്ക്,അസി.ഓഡിറ്റ് ഓഫീസർ
കെ.സി.ഹരിഗോബിന്ദ്,അസി.ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| വി.എം.മുഹമ്മദാലി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| പി.എസ്.മിനി | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ജി.വരുൺ | സെക്രട്ടറി | 23-07-2019 | 18-10-2019 |
| അബ്ദുൾ നസീർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-10-2019 | 03-11-2019 |
| വരുൺ ജി | സെക്രട്ടറി | 04-11-2019 | 15-01-2020 |
| അബ്ദുൾ നസീർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2020 | 19-02-2020 |
| വരുൺ ജി | സെക്രട്ടറി | 20-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജുവൈന പി ഖാൻ | അസി.എക്സി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ടി.ലളിതാംബിക | സി.ഡി.പി.ഒ | 01-04-2019 | 22-07-2019 |
| സിന്ധു എൽ | സി.ഡി.പി.ഒ | 23-07-2019 | 31-03-2020 |
| സെബാസ്റ്റ്യൻ പ്രിൻസ് പി.ജി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 05-02-2020 |
| സജിനി പി.എം | പട്ടികജാതി വികസന ഓഫീസർ | 06-02-2020 | 31-03-2020 |
| ശബാന എ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| സി.ജെ.ജാസ്മിൻ | ഡയറി എകസ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ദീപ കെ.പി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |
| ഡോ.വി.സി.ഗീത | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - അപാകതകൾ<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-5 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-03-2022) | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K.C.Harigobind (Senior Grade Auditor, On 06-04-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 06-04-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-8 |
| 10 | ഫെസിലിറ്റേഷൻ-കം- ട്രെയിനിംഗ് സെൻററിലേക്ക് ഫർണിച്ചർ ചെലവ് തുക 531070 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-9 |
| 11 | KWAയുടെ പമ്പ് ഹൌസിലേക്ക് മോട്ടോർ വാങ്ങി നൽകൽ- സർക്കാർ അനുമതിയിയില്ലാതെ നടപ്പിലാക്കിയ പദ്ധതി - 800000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-10 |
| 12 | സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ- പാഡ് പദ്ധതി- ബ്ലോക്ക് പഞ്ചായത്തിന് നടപ്പിലാക്കാനനുമതിയില്ലാത്ത പദ്ധതി<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-11 |
| 13 | ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല<br>Written By: K.R.Prakashbabu (Audit Officer, On 12-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-12 |
| 14 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 12-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-13 |
| 15 | നിർവഹണ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകൾ- വിനിയോഗ | 1-14 |

| | | |
|---|---|---|
| | സാക്ഷ്യ പത്രം ലഭ്യമാക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | |
| 16 | മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-15 |
| 17 | പാലിയേറ്റീവ് കെയർ - നിർവ്വഹണം.<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-16 |
| 18 | ജീവനികൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല – തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-17 |
| 19 | ബ്ലോക്ക് പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-18-1 |
| 20 | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-18-2 |
| 21 | അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-18-3 |
| 22 | മതിയായ രേഖകൾ ഇല്ലാതെ അസി.എക്സി.എഞ്ചിനീയർക്ക് വാഹന വാടക അനുവദിച്ച നടപടി- 131426 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 22-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 1-19 |
| 23 | വ്യവസായ വികസന രംഗത്ത് പ്രൊജക്ടുകൾ നടപ്പിലാക്കപ്പെടുന്നില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | KWAയുടെ പമ്പ് ഹൌസിലേക്ക് മോട്ടോർ വാങ്ങി നൽകൽ- സർക്കാർ അനുമതിയിയില്ലാതെ നടപ്പിലാക്കിയ പദ്ധതി - 800000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: K.R.Prakashbabu (Audit Officer, On 29-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വരവ്-ചെലവ്-ബാലൻസ് പത്രികകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 05/02/2019 തിയതിയിലെ തീരുമാനം 1(4) പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 56730 | 217164400 | 217221130 | 216552130 | 669000 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 28-04-2020 | ----- | ----- |

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2)ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് പൂർത്തിയാകുമ്പോൾ ആസ്തിയായി പരിഗണിച്ച് ജേർണൽ എൻട്രി മുഖേന ആസ്തി രജിസ്റ്ററുമായി കാലികമാക്കിയിട്ടില്ല.

3)കെട്ടിടങ്ങളുടെ വാടക രജിസ്റ്ററിൽ DCB യുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26125613 |
| ഓഡിറ്റ് വർഷത്തെ വരവ് | 52932906 |
| ആകെ | 79058519 |
| ചെലവ് | 51479603 |
| നീക്കിയിരിപ്പ് | 27578916 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 42247000 | 42247000 | 25906487 | 16340513 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 24956000 | 24956000 | 13810170 | 11145830 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 248000 | 248000 | 0 | 248000 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 5526000 | 5526000 | 2991161 | 2534839 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| IAY | 1186599 | 0 | 1186599 | 0 | 1186599 |
| PMAY | 14826534 | 907817 | 15734351 | 673429 | 15060922 |
| TSC | 286003 | 9888 | 295891 | 107802 | 188089 |
| IAY State Share | 772512 | 26610 | 799122 | 0 | 799122 |
| IAY-SC Additional State Share | 3858933 | 158315 | 4017248 | 68000 | 3949248 |
| BRGF | 206616 | 8562 | 215178 | 215178 | 0 |
| IWMP-E1 | 344268 | 5992 | 350260 | 350260 | 0 |
| IWMP-E2 | 21843 | 124913 | 146756 | 0 | 146756 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 113271058 | 91 | 45194514 | 0 | 68 | 57.23 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി.ഡയറക്ടർ | 3 | 2 | 3641371 | 614698 | 16.88 |
| ഐ.ഇ.ഒ | 3 | 0 | 1000000 | 0 | 0 |
| സി.ഡി.പി.ഒ | 6 | 5 | 2300000 | 390449 | 16.97 |
| പട്ടികജാതി വികസന ഓഫീസർ | 6 | 5 | 7053497 | 1573469 | 22.30 |
| സെക്രട്ടറി | 40 | 21 | 44367675 | 16621869 | 37.46 |
| അസി.എക്സി. എഞ്ചിനിയർ | 89 | 47 | 46319300 | 21063521 | 45.47 |
| മെഡിക്കൽ ഓഫീസർ-CHC | 7 | 6 | 4810215 | 3344479 | 65.52 |
| ഡയറി എക്സ്റ്റൻഷൻ | 5 | 5 | 3779000 | 1586029 | 41.96 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ആകെ | 159 | 91 | 113271058 | 45194514 | 39.89 |

## 1-6 ആഭ്യന്തരനിയന്ത്രണം

ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-02-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പ് ഒന്നും തന്നെയില്ല .

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 09-07-18 To 24-07-18 | 2017-18 | 31-10-18 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.16 | 2010-11 To 2014-15 | 23.05.16 | ഇല്ല |

## 1-9 ഫെസിലിറ്റേഷൻ-കം- ട്രെയിനിംഗ് സെൻററിലേക്ക് ഫർണിച്ചർ ചെലവു തുക 531070 രൂപ തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലുള്ള ഫെസിലിറ്റേഷൻ-കം- ട്രെയിനിംഗ് സെന്ററിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ 214/18-19 നമ്പർ പ്രൊജക്ട് പ്രകാരം വാങ്ങിയ ഫർണിച്ചറുകളുടെ വിലയിനത്തിൽ SIDCO ക്ക് നൽകാനുണ്ടായിരുന്ന ബാക്കി തുക 531070 രൂപ നൽകുന്നതിനു വേണ്ടി 2019-20- 106/21 പ്രകാരം സ്പിൽ ഓവറായി കൊണ്ട് വന്ന് പൂർത്തീകരിച്ചിട്ടുണ്ട്.
( ട്രഷറി ബിൽ നമ്പർ 10/16.07.19- തുക 531070 രൂപ SIDCO രശീതി നമ്പർ SMCMJI/19-20RV/ 148 തീയ്യതി .16/07.19) ഫെസിലിറ്റേഷൻ-കം- ട്രെയിനിംഗ് സെൻററിലേക്ക് കമ്പ്യൂട്ടർ , തയ്യൽ മെഷീനുകൾ , അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് വേണ്ടി വന്ന ആകെ ചെലവു തുകയായ 1885797 രൂപയിൽ ബാക്കി വന്ന 531070 രൂപയാണ് മേൽ പറഞ്ഞ ട്രഷറി ബിൽ പ്രകാരം 2019-20 ൽ നൽകിയിട്ടുള്ളത്. (പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിലെ 3(1) ലെ പരാമർശം കാണുക)
SIDCO യുടെ Invoice No. MJRI/18-19/0431/19.06.19, Invoice No. MJRI/18-19/0424/19.03.19 എന്നീ Invoice കൾ പ്രകാരമുള്ള തുകയായ 572397രൂപയിൽ നൽകാനവശേഷിക്കുന്ന 531070 രൂപ നൽകുന്നതിനാണ് പ്രൊജക്ടിന് അംഗീകാരം വാങ്ങി തുക നൽകിയിട്ടുള്ളത്.

വിശദമായ പഠനങ്ങളും മുന്നൊരുക്കങ്ങളും നടത്താതെ, ഗുണഭോക്താക്കളെ നിയമാനുസൃതം തെരഞ്ഞെടുക്കാതെ , പരിശീലനത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട വൃത്തിഹീനമായ കെട്ടിടം പുനരുദ്ധരിക്കുകയോ അടിസ്ഥാന സൌകര്യങ്ങളൊരുക്കുകയോ ചെയ്യാതെ,പരിശീലനത്തിനുവേണ്ടി ഉപയോഗിക്കപ്പെടേണ്ട ഉപകരണങ്ങളുടെ ഇനം, എണ്ണം, ക്വാളിറ്റി, പരിശീലകരുടെ നിയമനം , യോഗ്യത, സേവന-വേതന വ്യവസ്ഥകൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാനപ്രശ്നങ്ങൾ പരിഗണിക്കുകയോ പരിഹാരം കാണുകയോ ചെയ്യാതെ കമ്പ്യൂട്ടറുകളും തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ഉപയോഗ ശൂന്യമായ നിലയിൽ സൂക്ഷിക്കുകയും ചെയ്ത നടപടി സംബന്ധിച്ച് 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-(1) പരാമർശിച്ചിട്ടുണ്ടായിരുന്നു.
(വിശദാംശങ്ങൾക്ക് പ്രസ്തുത റിപ്പോർട്ട് കാണുക)

2018-19 ലെ വരവ്- ചെലവു കണക്കുകളുടെ ഓഡിറ്റ് സമയത്ത് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് നിർവഹണോദ്യോഗസ്ഥ താഴെ പറയും വിധം മറുപടി സമർപ്പിച്ചിട്ടുണ്ടായിരുന്നു.

(1) പട്ടികജാതി വനിതകൾക്ക് ഫാഷൻ ഡിസൈനിംഗിൽ പരിശീലനവും തൊഴിൽ യൂണിറ്റ് തുടങ്ങുന്നതിനുമുള്ള പ്രൊജക്ട് 2019-20 കാലയളവിൽ വെച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളോട് ഗുണഭോക്തൃ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ തയ്യൽ മെഷീൻ അനുബന്ധ വസ്തുക്കളുടെ സാങ്കേതിക നാമങ്ങൾ അറിയാത്തതുകൊണ്ടാണ് സ്റ്റോക്കിലെടുക്കാതിരുന്നത്. സാങ്കേതിക വിദഗ്ധന്റെ സഹായത്തോടെ എല്ലാ വസ്തുക്കളും സ്റ്റോക്കിലെടുക്കുന്നതാണ്.

(3) ഗ്രാമപഞ്ചായത്തുകളിൽ ഗ്രേഡ് ചെയ്ത കുടുംബശ്രീ ഗ്രൂപ്പുകളിലെ താൽപ്പര്യമുള്ള SC അംഗങ്ങളെ ഉൾപ്പെടുത്തി Appex ഗ്രൂപ്പുണ്ടാക്കി അവർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഫാഷൻ ഡിസൈനിംഗ്, കമ്പ്യൂട്ടർ പരിശീലനം, ഉപകരണങ്ങൾക്ക് നിശ്ചിത വാടക ഈടാക്കിക്കൊണ്ട് ഒരു സ്ഥിരം പരിശീലന സംവിധാനം ഉണ്ടാക്കുക എന്നതും ലക്ഷ്യമാണ്. കെട്ടിടത്തിന്റെ ഫർണിഷിംഗ് പൂർത്തിയാക്കിയതിനു ശേഷം ഗ്രാമപഞ്ചായത്തിൽ നിന്നും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(4) ഓട്ടോകാഡ്, ആനിമേഷൻ എന്നിവയിൽ പരിശീലനം നൽകി സ്വന്തമായി സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. 2019-20 വർഷത്തിൽ വനിതാ ഗ്രൂപ്പുകൾക്ക് ഇന്റർനെറ്റ് ബ്രൗസിംഗ് ആരംഭിക്കുന്നതിന് പ്രൊജക്ട് വെച്ചിട്ടുണ്ട്.

(5) ഈ പ്രൊജക്ട്പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള Sc വനിതകൾക്ക് ഒരു ഇ-സേവന കേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ അനുമതിക്കായി ബ്ലോക്ക് പഞ്ചായത്ത് ശ്രമിക്കുന്നതാണ്.

(6)സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുവാൻ ബാക്കിയുള്ളത് ഉടൻ തന്നെ സ്റ്റോക്കിലെടുക്കുന്നതാണ്. ഈ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് വാങ്ങിയ കുഷ്യൻ കസേരകളും കട്ടിംഗ് ടേബിളുകളും പരിശീലന കേന്ദ്രത്തിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് അങ്ങോട്ട് മാറ്റുന്നതാണ്.

എന്നാൽ മേൽ പറഞ്ഞ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്ന് 24.01.2022 തിങ്കളാഴ്ച വൈകിയിട്ട് 3 മണിക്ക് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഹെഡ് ക്ലാർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം ഭൌതിക പരിശോധന നടത്തിയപ്പോൾ ബോധ്യപ്പെട്ടു. ടി പ്രൊജക്ട് പ്രകാരം 2018-19 ൽ വാങ്ങിയ 10 കമ്പ്യൂട്ടറുകളും തയ്യൽമെഷീനുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കപ്പെടാതെ പൊടി പിടിച്ചനിലയിൽ അവശേഷിക്കുന്നതായി കണ്ടെത്തി. മാത്രമല്ല മേൽ പറഞ്ഞ 2 ഇൻവോയ്സുകൾ പ്രകാരം തുക നൽകിയ ഉപകരണങ്ങളിൽ താഴെ പറയുന്നവ ഭൌതിക പരിശോധനയിൽ കണ്ടെത്താനും കഴിഞ്ഞില്ല. . കണ്ടെത്താൻ കഴിയാത്ത ഫർണിച്ചറുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമനം | ഇനം | എണ്ണം | ആകെ തുക (നികുതിയുൾപ്പെടെ) | Invoice No &Date |
|---|---|---|---|---|
| 1 | Steel Book Shelf With 4 Compartment 165x83x30cm 20G | 3Nos | 30777/- | Invoice No. MJRI/18-19 /0431/19.06.19 |
| 2 | Pre-laminater Board Table With One Drawer And One Cup-Board Anf Key Board And UPS Provision 150x75x75 | 2 Nos | 18742/- | Do |
| 3 | Revolving Chair Medium Back With Push Back | 1Nos | 5976/- | Do |
| 4 | Steel Table With One Cupboard And One Drawer 18mm Laminated Board Top 120x60x75cm(20G) (This Item Is Not Entered In Stock Regisiter) | 1 | 5466/- | Invoice No. MJRI/18-19 /0424/19.03.19 |

മേൽ പറഞ്ഞ ഫർണിച്ചറുകൾ ഭൌതിക പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തിനാൽ അവ വാങ്ങിയിട്ടുണ്ടെന്നുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

പരിശീലനകേന്ദ്രത്തിനു വേണ്ടി വാങ്ങിയ മേൽ പറഞ്ഞ ഉപകരണങ്ങൾ ഉപയോഗരഹിതമായി അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ടും, ഫർണിച്ചറുകൾ കാണാതായത് സംബന്ധിച്ചും നൽകിയ 2 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (03/19.01.2022, 07/24.01.2022) മറുപടി നൽകുകയോ മേപ്പടി ഉപകരണങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തില്ല.

2017-18 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നമ്പർ – 175/18 പ്രകാരം KADCOയിൽ നിന്നും വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെട്ട 36 കസേരകളിൽ (സ്റ്റീൽ , റബ് വുഡ്) 12 എണ്ണം ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരിക്കുകയും ഇത് സംബന്ധിച്ചുള്ള പ്രാഥമികാന്വേഷണത്തിൽ 12 എണ്ണം വാങ്ങിയിട്ടില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തിരുന്നു. ഈ അപാകങ്ങൾ സംബന്ധിച്ച് ടി വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായ നിരീക്ഷണവും നടത്തിയിട്ടുണ്ടായിരുന്നു. (വിശദാംശങ്ങൾക്ക് 2017-18ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-(1) കാണുക) ആയതിനാൽ ഫെസിലിറ്റേഷൻ-കം- ട്രെയിനിംഗ് സെൻററിലേക്ക് വേണ്ടി വാങ്ങിയതും ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്നതുമായ ഫർണിച്ചർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഫെസിലിറ്റേഷൻ സെന്റർ നിഷ്ക്രിയമായിത്തുടരുന്നതിനാൽ ഈ വർഷത്തിൽ വിനിയോഗിച്ച 531070 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-10 KWAയുടെ പമ്പ് ഹൌസിലേക്ക് മോട്ടോർ വാങ്ങി നൽകൽ- സർക്കാർ അനുമതിയിയില്ലാതെ നടപ്പിലാക്കിയ പദ്ധതി - 800000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽ കേരളാ ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള തിരുവേഗപ്പുറ പമ്പ് ഹൌസിന് 40 HP മോട്ടോർ വാങ്ങി നൽകിയിട്ടുണ്ട്.

പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 135/20 |
| പ്രൊജക്ടിന്റെ പേര് | തിരുവേഗപ്പുറ പമ്പ് ഹൌസിലേക്ക് മോട്ടോർ വാങ്ങൽ |
| പദ്ധതി അടങ്കൽ | 800000 രൂപ (പൊതുവിഭാഗം- സാധാരണ വിഹിതം) |
| ചെലവ് | 800000/-(ട്രഷറി ബിൽ നമ്പർ-18/17.08.19) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പട്ടാമ്പി |
| നിർവഹണ ഏജൻസി | കേരള ജല അതോറിറ്റി ഷൊർണൂർ ഡിവിഷൻ |
| തുക കൈമാറിയ ബാങ്ക് അക്കൌണ്ട് നമ്പർ | SBIN0070787-67150213827 |
| UTR No. | U000000700928324 |
| ഭരണാനുമതി നമ്പർ തീയ്യതി | 2(1) തീയ്യതി . 01.06.2019 |
| സാങ്കേതികാനുമതി നമ്പർ, തീയ്യതി | TS/2019-20 /2019/16243തീയ്യതി 23.12.2019<br>തുക- 800000/- |
| കരാർ നമ്പർ ,തീയ്യതി | 15/19-20തീയ്യതി 26.11.2019 |

കേരള ജല അതോറിറ്റിയുടെ ഷൊർണൂർ PH ഡിവിഷന്റെ പൂർണ ഉടമസ്ഥതയിലുള്ളതും ടി ഡിവിഷൻ നടത്തിക്കൊണ്ടുപോകുന്നതും ജല അതോറിറ്റി വെള്ളക്കരം പിരിക്കുന്നതുമായ തിരുവേഗപ്പുറ പമ്പ് ഹൌസിന് മേൽ പറഞ്ഞ പ്രകാരം 40 HP മോട്ടോർ വാങ്ങി നൽകിയിട്ടുണ്ട്.

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി തിരുവേഗപ്പുറ പമ്പ് ഹൌസിലേക്ക് 40 HP മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന്റെ എസ്റ്റിമേറ്റ് നൽകണമെന്നും ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജല അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് കത്ത് (20.06.2019ൽ C-25/2019) നൽകി.

തിരുവേഗപ്പുറ പമ്പ് ഹൌസിൽ നിന്നും ചെമ്പ്ര മേഖലയിലേക്ക് ജലവിതരണം നടത്തുന്നതിന് ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 30 HP മോട്ടോർസെറ്റ് മാറ്റി പുതുതായി വാങ്ങി നൽകുന്ന 40HP മോട്ടോർ സ്ഥാപിക്കുന്നതിന് 800000രൂപ അടങ്കൽ കണക്കാക്കി KWA എസ്റ്റിമേറ്റ് റിപ്പോർട്ടും അതനുസരിച്ചുള്ള എസ്റ്റിമേറ്റും ബ്ലോക്ക് പഞ്ചായത്തിന് കൈമാറി.

എസ്റ്റിമേറ്റ് വിശദാംശങ്ങൾ

40 HP മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് 16325/HP പ്രകാരം തുക- 653000.00

GST 78360.00

Grand Total 731360.00

LS 68640.00

Total 800000.00

മേൽ പറഞ്ഞ എസ്റ്റിമേറ്റ് പ്രകാരം വികസന ഫണ്ടിൽ നിന്ന് 800000 രൂപ പിൻവലിച്ച് കേരള ജല അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

1. തിരുവേഗപ്പുറ പമ്പ് ഹൌസ് പൂർണ്ണമായും ജലഅതോറിറ്റിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ജല വിതരണ സംവിധാനമാണ്. ജല അതോറിറ്റി തന്നെ ജല വിതരണം നടത്തുകയും ഉപഭോക്താക്കളിൽ നിന്ന് വെള്ളക്കരം പിരിക്കുകയും ചെയ്യുന്നു.

2. മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം 800000 രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് വാങ്ങി നൽകിയ 40 HP മോട്ടോറിന്റെ ഉടസ്ഥാവകാശം ജല അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ജല അതോറിറ്റി 26.11.2019 തീയ്യതിയിൽ ബ്ലോക്ക് പഞ്ചായത്തുമായി ചമച്ച 15/19-20 നമ്പർ കരാറുടമ്പടിയിൽ പുതിയ പമ്പ് സെറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച പ്രത്യേക പരാമർശമില്ല.

3. മേൽ പറഞ്ഞ പ്രകാരം ജല അതോറിറ്റിയുടെ പൂർണ ഉടമസ്ഥതയിലുള്ളതും അതോറിറ്റി വെള്ളക്കരം പിരിച്ച് വെള്ളം വിതരണം ചെയ്യുകയും ചെയ്യുന്ന പമ്പിംഗ് സംവിധാനത്തിന് സർക്കാർ അനുമതിയോ ജലഅതോറിറ്റിയിൽ നിന്നും അപേക്ഷയോ ഇല്ലാതെ 800000 രൂപയുടെ പമ്പ് സെറ്റ് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

4. വെള്ളക്കരം ഈടാക്കി ജല വിതരണം നടത്തുന്നതിനു വേണ്ടി ജല അതോറിറ്റിക്ക് വാങ്ങി നൽകിയ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് ജല അതോറിറ്റി സെന്റേജ് ചാർജിനത്തിൽ അടങ്കൽ തുകയിൽ നിന്നും 80000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

5. KWA ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ വിനിയോഗ സാക്ഷ്യപത്രം ( നമ്പർ, തീയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല) അനുസരിച്ച് താഴെ പറയും പ്രകാരമാണ് ചെലവു വന്നിട്ടുള്ളത്.

പരസ്യച്ചെലവ് -1260.00

കോൺട്രാക്ടേഴ്സ് ചാർജ് -568750.00

സെന്റേജ് ചാർജ് -80000.00

ആകെ - 650010.00

ബാക്കി തുക -149990.00

6. മേൽ പറഞ്ഞ പ്രകാരം ബാക്കി വന്ന 149990 രൂപ ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് ഈടാക്കേണ്ടതുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

ആയതിനാൽ ജല അതോറ്റിക്ക് പൂർണമായ ഉമസ്ഥാവകാശമുള്ള ജല വിതരണ സംവിധാനത്തിന്

സർക്കാർ അനുമതിയില്ലാതെ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 800000രൂപ തടസ്സപ്പെടുത്താതിരിക്കാൻ മതിയായ കാരണങ്ങളുണ്ടെങ്കിൽ ആയത് 24.01.2022നകം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കാനാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 05/22.01.2022) മറുപടി സമർപ്പിച്ചില്ല. ആയതിനാൽ പൂർണമായും ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ജലവിതരണ പ്രൊജക്ടിന് സർക്കാർ അനുമതിയോ ജല അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റോ ഇല്ലാതെ മോട്ടോർ പമ്പ് സെറ്റ് വാങ്ങി നൽകിയ ഇനത്തിൽ വന്ന 800000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു (ജല അതോറിറ്റി സമർപ്പിച്ച ചെലവു വിശദാംശങ്ങൾ പ്രകാരം ബാക്കി വന്ന തുക 149990.00 രൂപ തിരികെ ഈടാക്കിയിട്ടില്ല).

പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(ഈ ഖണ്ഡിക റിപ്പോർട്ടിലെ ഭാഗം 3-1 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്)

## 1-11 സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ- പാഡ് പദ്ധതി- ബ്ലോക്ക് പഞ്ചായത്തിന് നടപ്പിലാക്കാനനുമതിയില്ലാത്ത പദ്ധതി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20ൽ ആരംഭിക്കുകയും 2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത 'വിവിധ സ്കൂളുകളിലേക്ക് ഷീ-പാഡ്' എന്ന പദ്ധതി പ്രകാരം സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

<u>ചെലവ് വിശദാംശങ്ങൾ</u>

| ക്രമനം | പ്രൊജക്ട് നമ്പർ | പ്രൊജക്ട് വർഷം | അടങ്കൽ തുക ഫണ്ടിനം. | ചെലവ് തുക | ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|---|
| 1 | 09/2019-20 | 2019-20 | 840065/- വികസന ഫണ്ട് (ജ) | 420032/- | (1)BillNo. 46/26.12.2019- 420032/- |
| 2 | 178/2020-21 | 2020-21 | 420033/- | 420033 | 46/01.02.21 420032/- |

മേൽ പറഞ്ഞ പദ്ധതികൾ പ്രകാരം താഴെ പറയുന്ന വിദ്യാലയങ്ങൾക്കാണ് ഷീ-പാഡ്, ഇൻസിനറേറ്റർ, അലമാര എന്നിവ വിതരണം ചെയ്തിട്ടുള്ളത്.

| ക്രമനം | സ്കൂളിന്റെ പേര് | വിതരണം ചെയ്ത ഷീ-പാഡുകളുടെ എണ്ണം | തുക | ഇൻസിനറേറ്റർ (എണ്ണം) | തുക | അലമാര എണ്ണം, | തുക |
|---|---|---|---|---|---|---|---|
| 1 | ജി.യു.പി.എസ്. ചുണ്ടമ്പറ്റ | 288 | 4812 | 1 | 25168 | 1 | 17380 |
| 2 | എ.യു.പി.എസ് ആമയൂർ സൌത്ത് | 324 | 5414 | 1 | 25168 | 1 | 17380 |
| 3 | എ.യു.പി.എസ് മണ്ണേങ്കോട് | 1674 | 27973 | 1 | 25168 | 2 | 34760 |
| 4 | എ.യു.പി.എസ് മുതുതല | 1560 | 26068 | 1 | 25168 | 2 | 34760 |
| 5 | ബി.വി.യു.പി.എസ് ചുണ്ടമ്പറ്റ | 1140 | 19049 | 1 | 25168 | 1 | 17380 |
| 6 | വി.വി.എ.യു.പി.എസ് കാരക്കുത്തങ്ങാടി | 834 | 13936 | 1 | 25168 | 1 | 17380 |
| 7 | എ.യു.പി.എസ് കുലുക്കല്ലൂർ | 1020 | 17044 | 1 | 25168 | 1 | 17380 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ജി.എച്ച്.എസ്.എസ് ചുണ്ടമ്പറ്റ | 2004 | 33487 | 1 | 25168 | 2 | 34760 |
| 9 | പി.ടി.എം.വൈ.എച്ച്.എസ്.എസ് എടപ്പലം | 9726 | 162521 | 2 | 50336 | 5 | 86900 |
| 10 | ആകെ | 18570/- | 310304 | 10 | 251680 | 16 | 278080 |
| | ആകെ തുക | 840065/-രൂപ (2019-20 ലെ ചെലവ് 420032 രൂപ) | | | | | |

(1) തദ്ദേശ സ്വയംഭരണ ( ഡി.എ) വകുപ്പ് -സ.ഉ (കൈ) 11/2018/ത.സ്വ.ഭ.വ, തീയ്യതി 29.01.2018 – ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ- ഖ. 6.3(7) പ്രകാരം യു.പി. ഹൈസ്കൂൾ, ഹയർസെക്കൻറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് നാപ്കിൻ വിതരണം ഉൾപ്പെടെയുള്ള പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കു മാത്രമേ നിർവഹിക്കാൻ പാടുള്ളൂ.

(2) കേരളാ പഞ്ചായത്ത് രാജ് നിയമം -1994 – IV – പട്ടിക -Functions Of Block Panchayats-VIII – ഉപഖണ്ഡിക പ്രകാരം സ്കൂളുകൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നവയല്ല എന്നിരിക്കെ സ്കൂളുകളിൽ ബ്ലോക്ക് പഞ്ചായത്തിന് ഇത്തരം പദ്ധതികൾ നിർവഹിക്കുവാൻ കഴിയുകില്ല.

(3) 25.01.2016- ലെ സ.ഉ. ( സാധാ) നം 280/16/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കാണ് ഇതിനാവശ്യമായ തുക നീക്കിവെക്കാൻ അനുമതി നൽകിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ സ്കൂളുകളൊന്നും തന്നെ അനുവദിക്കപ്പെട്ടിട്ടില്ല .

(3) കേരളാ പഞ്ചായത്ത് രാജ് നിയമം 1994 – പട്ടിക – III പ്രകാരം പ്രാഥമിക-വിദ്യാലയങ്ങളുടെ ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും, പട്ടിക V പ്രകാരം ഹൈസ്കൂൾ - ഹയർസെക്കന്ററി സ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കും ആണെന്നിരിക്കെ, ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാര പരിധിയിലില്ലാത്ത സ്ഥാപനങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രൊജക്ടുകളുടെ ഇരട്ടിപ്പ് സംഭവിച്ചിട്ടില്ല എന്നുറപ്പാക്കിയിട്ടില്ല.

(4) ടി പ്രോജക്റ്റിന്റെ ആവിർഭാവം, നിർവ്വഹണം എന്നിവ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് അനുമതിയില്ലാത്ത പ്രൊജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 03/21/16.01.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയത് നാപ്കിൻ വെൻഡിംഗ് യൂണിറ്റ് അല്ലെന്നും ഷീ- പാഡ് പദ്ധതിയാണെന്നും പറഞ്ഞിട്ടുണ്ട്. സ്കൂളുകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളല്ല. അവ ഗ്രാമ പഞ്ചായത്തുകളുടെ അധികാര പരിധിയിലാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാര പരിധിയിലില്ലാത്ത സ്ഥാപനങ്ങളിൽ പ്രൊജക്ട് നിർവഹണത്തിലൂടെ തുക ചെലവഴിച്ചത് അംഗീകരിക്കാൻ നിർവാഹമില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 420032 രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല

പഞ്ചായത്ത് രാജ് നിയമ പ്രകാരം രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും, 8 മീറ്റർ വീതിയുള്ളതുമായ റോഡുകളുടെ നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതല. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ. മാനദണ്ഡങ്ങൾ ബാധകമാക്കികൊണ്ട് 26.12.12-ൽ സർക്കാർ ഉത്തരവ് (26.12.12-ലെ ജി.ഒ.(എം.എസ്.) നം.344/12 /തസ്വഭവ) പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിക്കുന്ന റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്ററായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ അസി.എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ റോഡ്

നിർമ്മാണ പ്രോജക്റ്റുകളുടെ കാര്യത്തിൽ റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതി ഉണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല. പ്രോജക്റ്റ് ഫാറത്തിൽ റോഡ് ആസ്തിയുടെ യുണീക് നമ്പർ ചേർക്കുകയോ, റോഡിന്റെ നീളം, വീതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തി പുനരുദ്ധാരണം നടത്തിയിട്ടുള്ളതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | റോഡിന്റെ നീളം, വീതി |
|---|---|---|---|---|---|
| 1 | 42/20 | കളപ്പറമ്പ് പാലോളി റോഡ് റീടാറിംങ് | 500000 | 499697 | 450 മീ. നീളം 4മീ. വീതി |
| 2 | 176/20 | കൊടിക്കുന്ന് പടിഞ്ഞാറെ നട റോഡ് റീടാറിംങ് | 500000 | 494164 | 475 മീ. നീളം 3 മീ. വീതി |
| 3 | 161/20 | കൈപ്പുറം-മൈലാടി എടപ്പലം റോഡ് (ബഹുവർഷം) | 1000000 | 969500 | 302മീ. നീളം 3 മീ. വീതി |

റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിലവിലെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം (ഖ.7.13) ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. കൂടുതൽ പ്രദേശങ്ങൾക്കും, കൂടുതൽ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മൊത്തം കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഗതാഗത മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആസൂത്രണം ചെയ്യാൻ. ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ഒരു പഞ്ചായത്ത് പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതും, അപ്രധാനവുമായ വില്ലേജ് റോഡുകളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് അഭികാമ്യമല്ല. കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ റോഡ് നിർമ്മാണ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-13 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കണമെന്ന് 13-ാം പദ്ധതിയുടെ മാർഗ്ഗരേഖയായ 29.1.2018 ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക സംരക്ഷണ ഗ്രാന്റും ഖണ്ഡിക 6.7ൽ നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും അതിനായി ആദ്യം ചെയ്യേണ്ടത് ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കുക എന്നതാണെന്നും ഉത്തരവിൽ പറയുന്നു. ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും പ്രസ്തുതയോഗത്തിൽ അംഗീകരിച്ച പ്രൊജക്റ്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കുകയോ ആസ്തി രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല.

1-14 നിർവഹണ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്റ്റുകൾ- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

2019-20 സാമ്പത്തിക വർഷത്തിൽ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് വിവിധ പ്രൊജക്ടുകളുടെ നിർവഹണത്തിനു വേണ്ടി നിർവഹണ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജ. നമ്പരും പേരും | അടങ്കൽ തുക | ചെലവ് തുക ബിൽ നമ്പർ, തീയ്യതി | നിർവഹണ ഏജൻ സിയുടെ പേര് |
|---|---|---|---|---|
| 1. | SO178/20 നാട്യമംഗലം-പൂലംപാടം വൈദ്യുതി ലൈൻ നീട്ടൽ | 200000 വികസന ഫണ്ട് 100000/- തനത് ഫണ്ട് | 200000/- Bill No. 26/14.10.19 ചെക്ക്നം. തനത്ഫണ്ട് 5846544/ 11.12.19 | KSEB |
| 2. | 158/20 പാറമേൽപടിപടി ഞാറേതിൽറോഡ്പണിക്കർ കടവ്- പൈപ്പ്ലൈൻനീട്ടൽ | 420000/- (പദ്ധതി വിഹിതം- ജനറൽ) | 420,000/- Bill No. 27/22.10.19 | KWA |
| 3. | 179/20 ഇരിയത്ത് പറമ്പിൽ ഇറക്കടവത്ത് റോഡ്പൂളമണ്ണ പൈപ്പ്ലൈൻ നീട്ടൽ | 650000/- (പദ്ധതി വിഹിതം- ജനറൽ) | 650000/- Bill No. 28/ 22.10.19 | |
| 4. | 177/20 നെന്മിനിക്കളം- കുറിയേടത്ത്തൊടി പൂളക്കപ്പ്റമ്പ് പുത്തൻ പീടികയിൽ കുടിവെള്ള പദ്ധതി | 350000/- വികസന ഫണ്ട് 300000/- തനത് ഫണ്ട് | 350000/- Bill No. 30/ 22.10.19 300000/- ചെക്ക്. നം 3064692/ 21.10.19 | |
| 5. | 210/20 കള്ളി വളപ്പിൽ- പണിക്കർ കടവ്- പുല്ലാട്ടിൽ പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 344500/- വികസന ഫണ്ട് 25500/- തനത് ഫണ്ട് | വികസന ഫണ്ട് 25500/- തനത് ഫണ്ട് ചെക്ക് നം. 5846590/ 27.02.20 | |

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ ചെലവ് പുരോഗതി റിപ്പോർട്ട്/വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നമ്പർ04/20.01.2022) മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ പ്രൊജക്ടുകൾ നിർവഹണം പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

1-15 മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2019-20 -ലെ കേരളോത്സവം നടത്തിപ്പിനു വേണ്ടി ശ്രീ വി.എൻ . കാളിദാസിന് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 50000രൂപ, വൌച്ചർ നമ്പർ 134/19-20, ചെക്ക് നം 5846524/ തീയ്യതി 18.11.19 പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിശോധനയ്ക്ക് ഹാജരാക്കിയ മുൻകൂർ രജിസ്റ്ററിൽ ഈ തുക മുൻകൂർ നൽകിയത് സംബന്ധിച്ചോ ക്രമീകരിച്ചത് സംബന്ധിച്ചോ രേഖപ്പെടുത്തലുകൾ ഒന്നുമില്ല. ആയതിനാൽ ഈ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 08/25.01.2022) മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ക്രമീകരിച്ച് വിശദമായ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ ചെലവു തുക 50000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 പാലിയേറ്റീവ് കെയർ - നിർവ്വഹണം.

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തും, കൊപ്പം സാമൂഹികാരോഗ്യ കേന്ദ്രവും ചേർന്ന് സംയുക്തമായി 2018 ആഗസ്റ്റ് മുതൽ സെക്കണ്ടറി പാലിയേറ്റീവ് പരിചരണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പാലക്കാട്ട് ജില്ലാ മെഡിക്കൽ ഓഫീസറുടെ ഓർഡർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള കൊപ്പം, കുലുക്കല്ലൂർ, വിളയൂർ, തിരുവേഗപ്പുറ, മുതുതല എന്നീ ഗ്രാമ പഞ്ചായത്തുകളാണ് സെക്കണ്ടറി പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഹോം കെയർ സംവിധാനം .

സാന്ത്വന പരിചരണ പ്രൊജക്റ്റിന്റെ ഭാഗമായി മാസത്തിൽ 14 ഹോം കെയറിൽ ഉൾപ്പെടുത്തിയാണ് രോഗികൾക്ക് സേവനം നൽകി വരുന്നത്.നഴ്സിന്റെ പരിചരണത്തിന് പുറമെ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും രോഗികൾക്ക് നൽകി വരുന്നു.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

2019-2020 ൽ 6 തവണയും. 2020-2021 ൽ 4 തവണയുമാണ് പി.എം.സി കൂടിയിട്ടുള്ളത്. യോഗത്തിൽ ഹോംകെയർ സംവിധാനം വിലയിരുത്തുകയും, ഓ.പി യിലുള്ള രോഗികൾക്ക് മരുന്നുകൾ വാങ്ങുവാനുള്ള തീരുമാനങ്ങൾ സ്വീകരിച്ച് വരുന്നുമുണ്ട്. NHM ഫണ്ടിൽ നിന്നും ഫിസിയോ തെറാപ്പിക്കായി ഉപകരണങ്ങൾ ലഭ്യമാക്കുവാനും യോഗം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹോം കെയർ സംവിധാനത്തിനുള്ള വാഹനം

ഹോം കെയർ ടീമിന് സഞ്ചരിക്കുന്നതിന് ആവശ്യമായ വാഹനം ക്വട്ടേഷൻ നടപടികളിലൂടേയാണ് തെരഞ്ഞെടുത്ത് വരുന്നത്.ക്വട്ടേഷനിലൂടെ ലഭ്യമാക്കിയ വാഹനത്തിന് (KL-13K7309 ) പ്രതിദിനം 1,200/- രൂപ വാടകയായി നൽകി വരുന്നുണ്ട്.2020-21 ലെ കോവിഡ് പശ്ചാത്തലത്തിൽ വാഹന ഉപയോഗത്തിന് ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടില്ല.2019-2020 ലെ വാഹനം തന്നെ 2020-21 ൽ ഹോം കെയർ സംവിധാനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

7/03/2019 ലെ സ.ഉ.(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പി.എം.സി താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു :

1)ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രൊജക്റ്റിന്റെ മേൽ നോട്ടം വഹിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പി.എം.സി. രൂപീകരിക്കേണ്ടതാണ്.

2)ഖണ്ഡിക നം.2.9.2.ലെ വ്യവസ്ഥ പ്രകാരം പി.എം.സി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതിനും, പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

3)വാഹനത്തിനുള്ള പ്രതി ദിന/പ്രതി മാസ വാടക ക്വട്ടേഷനുകളിലൂടെ ഏറ്റവും കുറവായി ക്വോട്ട് ചെയ്ത

വ്യക്തിയുടെ ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ്.ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും, കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത ക്വട്ടേഷൻ അംഗീകരിക്കേണ്ടതുമാണ്.

4)വാഹന ഉടമയ്ക്കുള്ള വാടക ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കണക്കാക്കേണ്ടതും , തുക പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്.

5)ഖണ്ഡിക നം.2.16.1 പ്രകാരം ക്ഷേമ കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി യുടെ യോഗ അജണ്ടകളിലുൾപ്പെടുത്തി പ്രവർത്തനങ്ങൾ വിലയിരുത്തലിനോടൊപ്പം മെച്ചപ്പെടുത്തുവാനുള്ള നടപടികളും മോണിറ്ററിംഗിന്റെ ഭാഗമായി സ്വീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ പാലിച്ച് വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-17 ജീവനികൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല – തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് ഡയറക്ടർ കൃഷി 2019-2020 ൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0242/19-20 |
| പേര് | മണ്ണൊരുക്കം ജീവനി അഗ്രി മാൾ സ്ഥാപിക്കൽ. |
| വികസന ഫണ്ട് | 6,16,371/- (അടങ്കൽ) |

പ്രൊജക്റ്റിന്റെ ചെലവ് വിരങ്ങൾ താഴെ ചേർക്കുന്നു :

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 3/19-20/12/03/2020 | 22,771/- |
| 4/19-20/12/03/2020 | 40,469/- |
| 5/19-20/17/03/2020 | 40,854/- |
| 6/19-20/17/03/2020 | 33,934/- |
| 7/19-20/23/03/2020 | 14,025/- |
| 8/19-20/21/03/2020 | 40,056/- |
| 9/19-20/31/03/2020 | 37,717/- |
| 10/19-20/31/03/2020 | 33,647/- |
| 11/19-20/31/03/2020 | 42,600/- |
| 12/19-20/31/03/2020 | 26,525/- |
| 13/19-20/31/03/2020 | 45,900/- |
| 14/19-20/31/03/2020 | 42,400/- |
| 15/19-20/31/03/2020 | 49,250/- |
| 16/19-2020/31/03/2020 | 50,000/- |
| 17/19-20/31/03/2020 | 50,000/- |
| 18/19-20/31/03/2020 | 19,550/- |
| ആകെ | 5,89,698/- |

ആലത്തൂർ VPFCK എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ബില്ലുകൾ മുഖേന നൽകിയ തുകയ്ക്കുള്ള ജീവനികൾ ഭാഗികമായി അഗ്രി മാളിൽ ലഭ്യമാക്കുകയും ആയതിന് അനുസൃതമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമുണ്ട്.വിശദവിവരങ്ങൾ :

1)

| | |
|---|---|
| ബിൽ നം./തീയതി | 11/19-20/31/03/2020 |
| ചെലവ് | 42,600/- |
| VPFCK (അക്കൗണ്ട് നം.) | 67106430379 |
| ഇൻവോയ്സ് നം. | SPP/19-20/2007 |

| | |
|---|---|
| തീയതി | 23.03.2020 |

പ്രസ്തുത ഇൻവോയ്സിലൂടെ ലഭ്യമാക്കാത്ത ജീവനികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ഇനം | എണ്ണം | തുക |
|---|---|---|
| വെർമി കമ്പോസ്റ്റ് 10 KG | 100 | 13,000 |
| മൈക്രൊ ന്യൂട്രിയന്റ് ബനാന സ്പെഷ്യൽ 1 KG | 50 | 6,500 |
| ആകെ | | 19,500 |

2)

| | |
|---|---|
| ബിൽ നം./തീയതി | 13/19-20/31/03/2020 |
| ചെലവ് | 45,900/- |
| VPFCK (അക്കൗണ്ട് നം.) | 67106430379 |
| ഇൻവോയ്സ് നം. | SPP/19-20/2004 |
| തീയതി | 23.03.2020 |

ഇൻവോയ്സിലൂടെ ലഭ്യമാക്കാത്ത ജീവനികളുടെ വിശദവിവരങ്ങൾ :

| ഇനം | എണ്ണം | തുക |
|---|---|---|
| ബോൺ മീൽ 1 KG | 50 | 1,750 |
| കൊയർ പിത്ത് ബ്ലോക്ക് 4.5 KG | 100 | 11,000 |
| കൊയർ പിത്ത് ബ്ലോക്ക് 650 KG | 100 | 3,500 |
| ആകെ | | 16,250/- |

3)

| | |
|---|---|
| ബിൽ നം./തീയതി | 14/19-20/31/03/2020 |
| ചെലവ് | 42,400/- |
| VPFCK (അക്കൗണ്ട് നം.) | 67106430379 |
| ഇൻവോയ്സ് നം. | SPP/19-20/2005 |
| തീയതി | 23.03.2020 |

ഇൻവോയ്സിലൂടെ ലഭ്യമാക്കാത്ത ജീവനികളുടെ വിശദവിവരങ്ങൾ :

| ഇനം | എണ്ണം | തുക |
|---|---|---|
| ഫിഷ് അമിനോ അസിഡ് 250 എം.എൽ | 50 | 4,500 |
| ഫിഷ് അമിനോ അസിഡ് 100 എം.എൽ | 50 | 2,250 |
| ഫിഷ് മീൽ 1 KG | 25 | 1,000 |
| ഫിഷ് മീൽ 2 KG | 25 | 2,000 |
| ഫിഷ് മീൽ 5 KG | 25 | 4,750 |
| ആകെ | | 14,500/- |

4)

| | |
|---|---|
| ബിൽ നം./തീയതി | 18/19-20/31/03/2020 |
| ചെലവ് | 19,550/- |
| VPFCK (അക്കൗണ്ട് നം.) | 67106430379 |
| ഇൻവോയ്സ് നം. | SPP/19-20/2012 |
| തീയതി | 23.03.2020 |

ഇൻവോയ്സിലൂടെ ലഭ്യമാക്കാത്ത ജീവനികളുടെ വിശദവിവരങ്ങൾ :

| ഇനം | എണ്ണം | തുക |
|---|---|---|
| കിളിച്ചുണ്ടൻ മാങ്ങ | 15 | 1,500 |

| | | |
|---|---|---|
| ജാക്ക് സിന്ദൂരം | 15 | 1,500 |
| മാങ്ങ കണ്ണിമാങ്ങ | 15 | 1,500 |
| ഡ്രാഗൻ ഫ്രൂട്ട് ലയർ | 10 | 9,00 |
| അരിക്കനട്ട് കസർഗഡൻ | 25 | 625 |
| അരിക്കനട്ട് മങ്കല | 25 | 625 |
| ആകെ | | 6,650 |

5)

| | |
|---|---|
| ബിൽ നം./തീയതി | 16/19-20/31/03/2020 |
| ചെലവ് | 50,000/- |
| VPFCK (അക്കൗണ്ട് നം.) | 67106430379 |
| ഇൻവോയ്സ് നം. | SPP/19-20/2010 |
| തീയതി | 23.03.2020 |

പ്രസ്തുത ഇൻവോയ്സ് പ്രകാരം ലഭ്യമാക്കാത്ത ജീവനികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ഇനം | എണ്ണം | തുക |
|---|---|---|
| അവൊക്കാഡൊ സീഡ്ലിങ്ങ് | 10 | 400 |
| ബ്രഡ് ഫ്രൂട്ട് | 10 | 1300 |
| ബ്രട്ടീഷ് ചെറി | 10 | 400 |
| സിനമൺ ഗ്രാഫ്റ്റ് | 05 | 1500 |
| കൊക്കൊനട്ട് ചവക്കഡൻ ഒറഞ്ച് | 100 | 10000 |
| കൊക്കൊനട്ട് ചവക്കഡൻ ഒറഞ്ച് | 50 | 5000 |
| കൊക്കൊനട്ട് 18 പട്ട | 10 | 1500 |
| ആകെ | | 20,100 |

അഗ്രി മാളിൽ ലഭ്യമാക്കാത്ത ജീവനികളുടെ ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നം. | ബിൽ നം./തീയതി | ചെലവ് |
|---|---|---|
| 01 | 11/19-20/31/03/2020 | 19,500 |
| 02 | 13/19-20/31/03/2020 | 16,250 |
| 03 | 14/19-20/31/03/2020 | 14,500 |
| 04 | 18/19-20/31/03/2020 | 6,650 |
| 05 | 16/19-20/31/03/2020 | 20,100 |
| | ആകെ | 77,000/- |

ഇൻവോയ്സുകൾ പ്രകാരം ജീവനികൾ പൂർണ്ണമായി ലഭ്യമാക്കാത്തതിനുള്ള വിശദീകരണം 24.01.2022 ലെ അന്വേഷണ നം.6 പ്രകാരം ആവശ്യപ്പെട്ടിരുന്നു.മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഇൻവോയ്സുകൾ പ്രകാരമുള്ള ജീവനികൾ പൂർണ്ണമായി ലഭ്യമാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)ഇൻവോയ്സുകൾ പ്രകാരം ജീവനികൾ പൂർണ്ണമായി കാലതാമസമില്ലാതെ ലഭ്യമാക്കാത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണ്.

3)ജീവനികൾ സമയബന്ധിതമായി ലഭ്യമാക്കി ഇവയുടെ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നത് വരെ നാളിത് വരെ ലഭ്യമാക്കാത്ത ജീവനികൾക്കുള്ള ആകെ വിലയായ 77,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18-1 ബ്ലോക്ക് പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന പട്ടാമ്പി ഐ.സി.ഡി.എസിന്റെ കീഴിൽ 88 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. 176 വർക്കറും, ഹെല്പറുകളും ജീവനക്കാരായി പ്രവർത്തിച്ച് വരുന്ന പ്രസ്തുത അങ്കണവാടികളുടെ ഭൗതിക അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 10 |
| 2 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 62 |
| 3 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല. |
| 4 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 26 |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 1 |
| 6 | ഫാൻ ഇല്ലാത്തവ | 19 |
| 7 | ബേബി ഫ്രണ്ടലി ടോയ്‌ലെറ്റ് ഇല്ലാത്തവ | 88 |
| 8 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 3 |
| 9 | ചുറ്റ് മതിൽ ഇല്ലാത്തവ | 14 |
| 10 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 4 |
| 11 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 12 |

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1)പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2)ചുറ്റ് മതിൽ ഇല്ലാത്ത 14 അങ്കണവാടികളിലും കേടുപാടുകൾ തീർത്ത് വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, എന്നിവ നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3)ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.

4)88 അങ്കണവാടികൾക്കും ബേബി ഫ്രണ്ടലി ടോയ്ലറ്റ് ലഭ്യമാക്കി, വൈദ്യുതി കണക്ഷനില്ലാത്ത അങ്കണവാടികൾക്ക് കണക്ഷൻ ലഭ്യമാക്കുവാനും, ഫാൻ സ്വകര്യമില്ലാത്ത 19 അങ്കണവാടികൾക്ക് പ്രസ്തുത സൗകര്യം ലഭ്യമാക്കുവാനുമുള്ള അനന്തര നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-18-2 അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിച്ച് വരുന്ന കൊപ്പം ഐ.സി.ഡി.എസിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന 106 അങ്കണവാടികളുടെ അടിസ്ഥാന ഭൗതിക വിവരങ്ങൾ :

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 12 |

| | | |
|---|---|---|
| 2 | ഹെൽപ്പറും, വർക്കറും ഉൾപ്പെടുന്ന ജീവനക്കാരുടെ എണ്ണം | 212 |
| 3 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 106 |
| 4 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല. |
| 5 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | ഇല്ല. |
| 6 | ഫാൻ ഇല്ലാത്തവ | 3 |
| 7 | ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് ഇല്ലാത്തവ | 104 |
| 8 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 2 |
| 9 | ചുറ്റ് മതിൽ ഇല്ലാത്തവ | 19 |
| 10 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 10 |
| 11 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 5 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1)പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2)ചുറ്റ് മതിൽ ഇല്ലാത്ത 19 അങ്കണവാടികളിലും കേടുപാടുകൾ തീർത്ത് വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, എന്നിവ നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3)ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.

4)104അങ്കണവാടികൾക്കും ബേബി ഫ്രണ്ടലി ടോയ്ലറ്റ് ലഭ്യമാക്കി, ഫാൻ സ്വകര്യമില്ലാത്ത 3 അങ്കണവാടികൾക്ക് പ്രസ്തുത സൗകര്യം ലഭ്യമാക്കുവാനുള്ള അനന്തര നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-18-3 അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള പട്ടാമ്പി ഐ.സി.ഡി.എസ് ന്റെ കീഴിൽ ആകെ 88 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 10 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവൃത്തിച്ച് വരുന്നത്. ആകെ അങ്കണവാടികളിൽ 26 അങ്കണവാടികൾക്ക് ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ

നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011 പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1)എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2)യാതൊരു കാരണവശാലും സുരക്ഷിതത്ത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3)സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് അങ്കണവാടികളുടെ അവസ്ഥാ വിശകലനം നടത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

### 1-19 മതിയായ രേഖകൾ ഇല്ലാതെ അസി.എക്സി.എഞ്ചിനീയർക്ക് വാഹന വാടക അനുവദിച്ച നടപടി- 131426 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി .എഞ്ചിനീയറുടെ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചുകൊണ്ടിരുന്ന KL 52 K-6060, KL52L 6641 നമ്പർ വാഹനങ്ങളുടെ വാടകയിനത്തിൽ 2019-20 ൽ അനുവദിക്കപ്പെട്ട തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2019-20

| ക്രമനം | വിഷയം | തുക | വൌച്ചർ നമ്പർ /തീയ്യതി | ചെക്ക് നമ്പർ /തീയ്യതി |
|---|---|---|---|---|
| 1 | അസി.എക്സി. എഞ്ചിനീയറുടെ വാഹന വാടക | 19035/- | 40/19-20 തീ.22.07.19 | 3064642/ 22.07.19 |
| 2 | | 27184/- | 46/19-20 തീ.22.07.19 | 3064648/ 22.07.19 |
| 3 | | 11452/- | 67/19-20 തീ.22.08.19 | 3064656/ 22.08.19 |
| 4 | | 48570/- | 77/19-20 തീ.16.09.19 | 3064666/ 16.09.19 |
| 5 | | 25185 | 223/19-20 തീ.19.03.20 | 5856313/19.03.20 |
| | ആകെ | 131426 | | |

മേൽ പറഞ്ഞ തുകകൾ വാടകയിനത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ യാത്രകളെ സംബന്ധിച്ച വിശദാംശങ്ങൾ, സാക്ഷ്യപ്പെടുത്തപ്പെട്ട ട്രിപ്പ്ഷീറ്റ് എന്നിവയുൾപ്പെടെ യാത്രയുടെ ആധികാരികത തെളിയിക്കുന്ന രേഖകളൊന്നും പരിശോധിക്കാതെയാണ് തുക നൽകിക്കാണുന്നത്. 2019-20 ലെ ആദ്യബില്ലിനൊപ്പം ഡൈവർ സമർപ്പിച്ച ഒരു സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത് .

ആയതിനാൽ യാത്രാസംബന്ധമായ ആധികാരികരേഖകളൊന്നും പരിശോധിക്കാതെ അസി.എഞ്ചിനീയറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 11/21/25.01.2022) മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ ഔദ്യോഗിക യാത്രയുടെ കൃത്യതയും ആധികാരികതയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ 131426 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വ്യവസായ വികസന രംഗത്ത് പ്രൊജക്ടുകൾ നടപ്പിലാക്കപ്പെടുന്നില്ല

2019-20 ൽ വ്യവസായ വികസന ഓഫീസർ മുഖേന താഴെ പറയുംവിധം പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രൊജക്ടുകളൊന്നും തന്നെ നടപ്പിലാക്കിയില്ല. അംഗീകാരം നേടിയ പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ തുക | ഫണ്ടിനം |
|---|---|---|---|
| 1 | 27/20<br>വനിതഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് സബ്സിഡി | 100000/-<br>SCP<br>50000<br>മറ്റുള്ളവ | SCP |
| 2 | 170/20<br>പട്ടിക ജാതി വനിത ഗ്രൂപ്പുകൾക്ക് ഫാഷൻ ഡിസൈനിംഗിൽ പരിശീലനവും സംരംഭം ആരംഭിക്കാൻ സഹായവും | 300000<br>വികസന ഫണ്ട് SCP<br>400000<br>മറ്റുള്ളവ | SCP |
| 3 | 193/20<br>പട്ടിക ജാതി വനിതാ ഗ്രൂപ്പുകൾക്ക് ഇന്റർനെറ്റ് ബ്രൌസിംഗ് സെന്റർ ആരംഭിക്കുന്നതിന് സബ്സിഡി | 110000<br>SCP<br>മറ്റുള്ളവ<br>40000/- | SCP |

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഗുണഭോക്താക്കളുടെ സാമ്പത്തിക പുരോഗതിക്കും സാമൂഹിക ഉന്നമനത്തിനും വേണ്ടി വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനു വേണ്ടി വ്യക്തമായ മാർഗ നിർദേശങ്ങൾ സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ടെന്നിരിക്കെ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കാത്തത് ക്രമപ്രകാരമല്ല. ഭാവിയിൽ വ്യവസായ രംഗത്ത് അനുയോജ്യവും അഭികാമ്യവുമായ പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 KWAയുടെ പമ്പ് ഹൌസിലേക്ക് മോട്ടോർ വാങ്ങി നൽകൽ- സർക്കാർ

അനുമതിയിയില്ലാതെ നടപ്പിലാക്കിയ പദ്ധതി - 800000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽ കേരളാ ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള തിരുവേഗപ്പുറ പമ്പ് ഹൌസിന് 40 HP മോട്ടോർ വാങ്ങി നൽകിയിട്ടുണ്ട്.

പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 135/20 |
| പ്രൊജക്റ്റിന്റെ പേര് | തിരുവേഗപ്പുറ പമ്പ് ഹൌസിലേക്ക് മോട്ടോർ വാങ്ങൽ |
| പദ്ധതി അടങ്കൽ | 800000 രൂപ (പൊതുവിഭാഗം- സാധാരണ വിഹിതം) |
| ചെലവ് | 800000/-(ട്രഷറി ബിൽ നമ്പർ- 18/17.08.19) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പട്ടാമ്പി |
| നിർവഹണ ഏജൻസി | കേരള ജല അതോറിറ്റി ഷൊർണൂർ ഡിവിഷൻ |
| തുക കൈമാറിയ ബാങ്ക് അക്കൌണ്ട് നമ്പർ | SBIN0070787- 67150213827 |
| UTR No. | U000000700928324 |
| ഭരണാനുമതി നമ്പർ തീയ്യതി | 2(1) തീയ്യതി . 01.06.2019 |
| സാങ്കേതികാനുമതി നമ്പർ, തീയ്യതി | TS/2019-20 /2019/16243തീയ്യതി 23.12.2019<br>തുക- 800000/- |
| കരാർ നമ്പർ ,തീയ്യതി | 15/19-20തീയ്യതി 26.11.2019 |

കേരള ജല അതോറിറ്റിയുടെ ഷൊർണ്ണൂർ PH ഡിവിഷന്റെ പൂർണ ഉടമസ്ഥതയിലുള്ളതും ടി ഡിവിഷൻ നടത്തി ക്കൊണ്ടുപോകുന്നതും ജല അതോറിറ്റി വെള്ളക്കരം പിരിക്കുന്നതുമായ തിരുവേഗപ്പുറ പമ്പ് ഹൌസിന് മേൽ പറഞ്ഞ പ്രകാരം 40 HP മോട്ടോർ വാങ്ങി നൽകിയിട്ടുണ്ട്.

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി തിരുവേഗപ്പുറ പമ്പ് ഹൌസിലേക്ക് 40 HP മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന്റെ എസ്റ്റിമേറ്റ് നൽകണമെന്നും ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജല അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് കത്ത് (20.06.2019ൽ C-25/2019) നൽകി.

തിരുവേഗപ്പുറ പമ്പ് ഹൌസിൽ നിന്നും ചെമ്പ്ര മേഖലയിലേക്ക് ജലവിതരണം നടത്തുന്നതിന് ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 30 HP മോട്ടോർസെറ്റ് മാറ്റി പുതുതായി വാങ്ങി നൽകുന്ന 40HP മോട്ടോർ സ്ഥാപിക്കുന്നതിന് 800000രൂപ അടങ്കൽ കണക്കാക്കി KWA എസ്റ്റിമേറ്റ് റിപ്പോർട്ടും അതനുസരിച്ചുള്ള എസ്റ്റിമേറ്റും ബ്ലോക്ക് പഞ്ചായത്തിന് കൈമാറി.

എസ്റ്റിമേറ്റ് വിശദാംശങ്ങൾ

40 HP മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് 16325/HP പ്രകാരം തുക- 653000.00

GST 78360.00

Grand Total 731360.00

LS 68640.00

Total 800000.00

മേൽ പറഞ്ഞ എസ്റ്റിമേറ്റ് പ്രകാരം വികസന ഫണ്ടിൽ നിന്ന് 8 00000 രൂപ പിൻവലിച്ച് കേരള ജല

അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

1. തിരുവേഗപ്പുറ പമ്പ് ഹൌസ് പൂർണ്ണമായും ജലഅതോറിറ്റിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ജല വിതരണ സംവിധാനമാണ്. ജല അതോറിറ്റി തന്നെ ജല വിതരണം നടത്തുകയും ഉപഭോക്താക്കളിൽ നിന്ന് വെള്ളക്കരം പിരിക്കുകയും ചെയ്യുന്നു.

2. മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം 800000 രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് വാങ്ങി നൽകിയ 40 HP മോട്ടോറിന്റെ ഉടസ്ഥാവകാശം ജല അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ജല അതോറിറ്റി 26.11.2019 തീയ്യതിയിൽ ബ്ലോക്ക് പഞ്ചായത്തുമായി ചമച്ച 15/19-20 നമ്പർ കരാറുടമ്പടിയിൽ പുതിയ പമ്പ് സെറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച പ്രത്യേക പരാമർശമില്ല.

3. മേൽ പറഞ്ഞ പ്രകാരം ജല അതോറിറ്റിയുടെ പൂർണ ഉടമസ്ഥതയിലുള്ളതും അതോറിറ്റി വെള്ളക്കരം പിരിച്ച് വെള്ളം വിതരണം ചെയ്യുകയും ചെയ്യുന്ന പമ്പിംഗ് സംവിധാനത്തിന് സർക്കാർ അനുമതിയോ ജലഅതോറിറ്റിയിൽ നിന്നും അപേക്ഷയോ ഇല്ലാതെ 800000 രൂപയുടെ പമ്പ് സെറ്റ് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

4. വെള്ളക്കരം ഈടാക്കി ജല വിതരണം നടത്തുന്നതിനു വേണ്ടി ജല അതോറിറ്റിക്ക് വാങ്ങി നൽകിയ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് ജല അതോറിറ്റി സെന്റേജ് ചാർജിനത്തിൽ അടങ്കൽ തുകയിൽ നിന്നും 80000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

5. KWA ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ വിനിയോഗ സാക്ഷ്യപത്രം ( നമ്പർ, തീയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല) അനുസരിച്ച് താഴെ പറയും പ്രകാരമാണ് ചെലവു വന്നിട്ടുള്ളത്.

പരസ്യച്ചെലവ് -1260.00

കോൺട്രാക്ടേഴ്സ് ചാർജ് -568750.00

സെന്റേജ് ചാർജ് -80000.00

ആകെ - 650010.00

ബാക്കി തുക -149990.00

6. മേൽ പറഞ്ഞ പ്രകാരം ബാക്കി വന്ന 149990 രൂപ ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് ഈടാക്കേണ്ടതുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

ആയതിനാൽ ജല അതോറ്റിക്ക് പൂർണമായ ഉമസ്ഥാവകാശമുള്ള ജല വിതരണ സംവിധാനത്തിന് സർക്കാർ അനുമതിയില്ലാതെ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 800000രൂപ തടസ്സപ്പെടുത്താതിരിക്കാൻ മതിയായ കാരണങ്ങളുണ്ടെങ്കിൽ ആയത് 24.01.2022നകം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കാനാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 05/22.01.2022) മറുപടി സമർപ്പിച്ചില്ല. ആയതിനാൽ പൂർണമായും ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ജലവിതരണ പ്രൊജക്ടിന് സർക്കാർ അനുമതിയോ ജല അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റോ ഇല്ലാതെ മോട്ടോർ പമ്പ് സെറ്റ് വാങ്ങി നൽകിയ ഇനത്തിൽ വന്ന 800000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു(ജല അതോറിറ്റി സമർപ്പിച്ച ചെലവു വിശദാംശങ്ങൾ പ്രകാരം ബാക്കി വന്ന തുക 149990.00 രൂപ തിരികെ ഈടാക്കിയിട്ടില്ല).

പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 കാണുക

4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (മുന്നിരിപ്പ് ഉൾപ്പടെ) | പ്രൊജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2019-20 | 3525095 | ലൈഫ് മിഷൻ(SCP) തുക വക യിരുത്തൽ-(14/19-20) | 196216 | 3328879 |
| ഗ്രാമ പഞ്ചായത്ത് | 2019-20 | 1186599 | ലൈഫ് മിഷൻ (ജനറൽ) തുക വക യിരുത്തൽ-(12/19-20) | 0 | 1186599 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 45440 | ----ടി---- | 0 | 45440 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4356392 | ----ടി---- | 0 | 4356392 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ നം./ ചെക്ക് നം തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | നാട്യമംഗലം-പൂലം പാടം വൈദ്യുത ലൈൻ നീട്ടൽ(178/20) | (ബിൽ നം. 26/14.10.19 ചെക്ക് നം.3064678/ 11-10-19 | 200000 100000 | വിനിയോ ഗവിവരം ലഭ്യമല്ല |
| KWA | പാറമ്മൽ പടി പടിഞ്ഞാറേതിൽ റോഡ്-പണിക്കർക്കടവ് റോഡ് പൈപ്പ് ലൈൻ നീട്ടൽ (158/20) | ബിൽ നം. 27/22-10-19 | 420000 | വിനിയോ ഗവിവരം ലഭ്യമല്ല |
| --Do-- | നെന്മിനിക്കളം -കുറിയേടത്ത് തൊടി-പൂളക്കപ്പറമ്പ് പുത്തൻ പീടികയിൽ കുടിവെള്ള പദ്ധതി (177/20) | ബിൽ നം. 30/22.10.19 ചെക്ക് നം. 3064692/ 21.10.19 | 350000 300000 | വിനിയോ ഗവിവരം ലഭ്യമല്ല |
| --Do-- | ഇരിയത്ത് പറമ്പിൽ-ഇറക്കടവത്ത് റോഡ് -പൂളമണ്ണ | ബിൽ നം. 28/22.10.19 | 650000 | വിനിയോ ഗവിവരം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ (179/20) | | | |
| -Do-- | കള്ളി വളപ്പിൽ-പണിക്കർ കടവ് -പുല്ലാട്ടിൽ പ്രദേശം പൈപ്പ് ലൈൻ നീട്ടൽ (210/20) | ബിൽ നം. 29/22.10.19 ചെക്ക് നം. 5846590/ 27-2-90 | 344500 25500 | വിനിയോഗവിവരം ലഭ്യമല്ല |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ-

ഒന്നും നിലവിലില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 26125613 |
| ഓഡിറ്റ് വർഷത്തെ വരവ് | 52932906 |
| ആകെ | 79058519 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51479603 |
| നീക്കിയിരിപ്പ് | 27578916 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 800000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1209528 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 800000/- | ജി.അരുൺ,സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത് |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

ഡി ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 531070 | പി.എസ്.മിനി,സെക്രട്ടറി |
| 1-11 | 420032 | ജി.വരുൺ,സെക്രട്ടറി |
| 1-15 | 50000 | ജി.വരുൺ,സെക്രട്ടറി |
| 1-17 | 77000 | ദീപ കെ.പി,<br>കൃഷി അസി.ഡയറക്ടർ |
| 1-19 | 131426 | പി.എസ്.മിനി,സെക്രട്ടറി-46219<br>ജി.വരുൺ,സെക്രട്ടറി-85207 |
| | 1209528 | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി. വരുൺ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,പട്ടാമ്പി | മഠത്തിൽ വീട്, ചെർപ്പുളശ്ശേരി പാലക്കാട് ജില്ല -679503 |
| മിനി പി.എസ് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | റിട്ടയേർഡ് | ചെട്ടുപറമ്പിൽ വീട്,നടുവട്ടം, പട്ടാമ്പി, പാലക്കാട് ജില്ല |
| ദീപ കെ.പി, കൃഷി അസി.ഡയറക്ടർ | കൃഷി അസി.ഡയറക്ടർ, ബ്ലോക്ക് പഞ്ചായത്ത്, പട്ടാമ്പി | ഇന്ദീവരം, പട്ടാമ്പി,പാലക്കാട് ജില്ല 679303 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96<br>1996-97<br>1997-98 | LFP10/244/09 Dt. 6.6.09 | 11 |
| 1998-99 | LFP10/1089/03 | 5 |
| 1999-2000 | LFP10/408/02 Dt. 2.12.13 | 6 |
| 2000-01 | LFP10/928/07dt. 3.12.07 | 5 |
| 2001-02 | LFP10/974/07dt. 3.12.07 | 3 |
| 2002-03 | LFP10/975/07dt. 3.12.07 | 4 |
| 2003-04 | LFP10/942/08dt. 15.7.09 | 6 |
| 2004-05 | LFP10/943/08dt. 15.7.09 | 6 |
| 2005-06 | LFP10/944/08dt. 15.7.09 | 4 |
| 2006-07 | LFP10/945/08dt. 15.7.09 | 5 |
| 2007-08 | LFP8/1684/11dt. 9.12.11 | 5 |
| 2008-09 | LFP8/1685/11dt. 9.12.11 | 6 |
| 2009-10 | LFP8/1061/12dt. | 8 |

| | | |
|---|---|---|
| 2010-11 | 12.1.14 | |
| 2011-12 | LFP8/2243/14dt. 7.1.15 | 4 |
| 2012-13<br>2013-14<br>2014-15 | KSA PKD8/154/16/ Dt.9-2-16 | മുഴുവൻ |
| 2015-16 | KSA PKD8/343 /17dt.10-5-17 | മുഴുവൻ |
| 2016-17 | KSA PKD8/2103/2017 Dt. 22-11-2017 | മുഴുവൻ |
| 2017-18 | KSA PKD8/981/2019 Dt.17.07.2019 | മുഴുവൻ |
| 2018-19 | KSA PKD8/1599/2019 Dt.06.05.2020 | മുഴുവൻ |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## ഓഡിറ്റ് ചെയ്ത വരവ്-ചെലവ്-ബാലൻസ് പത്രികകളുടെ സംക്ഷിപ്തം

1) INCOME & EXPENDITURE STATEMENT
For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 105130.00 |
| 140000000 | Fee & User Charges | I-4(b) | 71178.00 |
| 150000000 | Sale & Hire Charges | I-5(b) | 207508.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 53968690.00 |
| 171000000 | Interest Earned | I-8 | 328734.00 |
| 180000000 | Other Income | I-9 | 481593.00 |
| | Total Income | | 55162833.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2685024.00 |
| 220000000 | Administrative Expenses | I-11(b) | 1616413.00 |
| 230000000 | Operations & Maintenance | I-12(b) | 588946.00 |
| 240000000 | Interest & Finance Charges | I-13 | 2264.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2512925.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17769438.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6472010.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 715374.00 |
| 255000000 | Maintenance Projects | I-14(e) | 6172287.00 |
| 272000000 | Depreciation | I-17(a) | 1115714.00 |
| | Total Expenditure | | 39650395.00 |
| | Gross Surplus/ Deficit of income over Expenditure | | 15512438.00 |
| 280000000 | Prior Period Item | I-18 | 44310.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 15468128.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

2) RECEIPT & PAYMENT STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 26125613.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 71178.00 |
| 150000000 | Sale & Hire Charges | RP-5 | 207508.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47220858.00 |
| 171000000 | Interest Earned | RP-9 | 328734.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4147095.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 481593.00 |
| 312000000 | Reserves | RP-30 | 60000.00 |
| 340000000 | Deposits Received | RP-34 | 82162.00 |
| 350000000 | Other Liabilities | RP-36 | 2694.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 90280.00 |
| 460000000 | Loans, Advances and Deposits | RP-47 | 240804.00 |
| | Grand total | | 79058519.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2685024.00 |
| 220000000 | Administrative Expenses | RP-12 | 1738854.00 |
| 230000000 | Operations & Maintenance | RP-13 | 588946.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1721432.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17553438.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3916030.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 715374.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 255000000 | Maintenance Projects | RP-20 | 6172287.00 |
| 280000000 | Prior Period item | RP-26 | 48900.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 565439.00 |
| 350000000 | Other Liabilities | RP-36 | 0.0 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2264.00 |
| 410000000 | Fixed Assets | RP-38 | 7743953.00 |
| 412000000 | Capital work in Progress | RP-40 | 5907552.00 |
| 460000000 | Loans, Advances and Deposits | RP-47 | 2120110.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 27578916.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 79058519.00 |

3) BALANCE SHEET
For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 65458081.00 |
| 312000000 | Reserves | B-3 | 79416831.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 144874912.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 25299760.00 |
| | Total Grants, Contributions for Specific Purposes | | 25299760.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 82162.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2694.00 |
| | Total Current Liabilities and Provisions | | 84856.00 |
| | TOTAL LIABILITIES | | 170259528.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 142634424.00 |
| 411000000 | Accumulated Depreciation | B-11 | -11850308.00 |
| 412000000 | Capital Work in Progress | B-11(a) | 7844758.00 |
| | Total Fixed Assets | | 138628874.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| | | | |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 15350.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 27578916.00 |
| 460000000 | Loans, Advances and Deposits | B-18 | 4036388.00 |
| | Total Current Assets, Loans and Advances | | 0.0 |
| | | | |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 31630654.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 170259528.00 |